# 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്

(2014-ലെ 33—ാം ആക്റ്റ്)

## ഉള്ളടക്കം

പീഠിക.

വകുപ്പുകൾ:

1. ചുരുക്കപ്പേരും പ്രാരംഭവും.

2. നിർവ്വചനങ്ങൾ.

3. പബ്ലിക് സർവ്വീസ് കമ്മിഷന്റെ ചുമതലകൾ. 4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം. 5. റദ്ദാക്കലും ഒഴിവാക്കലും.

---

2014-ലെ 33—ാം ആക്റ്റ്

## 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്*

ലൈബ്രറി കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—ലൈബ്രറി കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾസംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾനിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും . — (1) ഈ ആക്റ്റിന് 2014-ലെ കേരള പബ്ലിക്സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, 2014 ജൂലൈകരുതപ്പെടേണ്ടതാണ്.

20—ാം തിയതി പ്രാബല്യത്തിൽ വന്നതായി

2. നിർവ്വചനങ്ങൾ.— ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

* 2014 ഡിസംബർ 23—ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിക്കുകയും 2014 ഡിസംബർ 23-ലെ 3145—ാം നമ്പർകേരള അസാധാരണ ഗസറ്റായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) "ലൈബ്രറി കൗൺസിലുകൾ" എന്നാൽ 1989-ലെ കേരള പബ്ലിക്ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്റ്റിലെ (1989-ലെ 15) യഥാക്രമം3—ാം വകുപ്പും 10—ാം വകുപ്പും 18—ാം വകുപ്പും പ്രകാരം രൂപീകരിച്ചിട്ടുള്ള കേരളസംസ്ഥാന ലൈബ്രറി കൗൺസിലും ജില്ലാ ലൈബ്രറി കൗൺസിലുകളും താലൂക്ക്ലൈബ്രറി കൗൺസിലുകളും എന്നർത്ഥമാകുന്നു;

(സി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഡി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക്സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(ഇ) "സർവ്വീസുകൾ" എന്നാൽ ലൈബ്രറി കൗൺസിലുകൾക്ക്കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു.

3. പബ്ലിക് സർവ്വീസ് കമ്മിഷന്റെ ചുമതലകൾ.—(1) കേരള സംസ്ഥാനലൈബ്രറി കൗൺസിൽ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) ലൈബ്രറി കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയുംജീവനക്കാരുടെയും നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) ലൈബ്രറി കൗൺസിലുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ളനിയമനം വഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്ത്വങ്ങളിന്മേലുംഅങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയയോജ്യതസംബന്ധിച്ചും,

കൂടിയാലോചിക്കേണ്ടതാണ്.

(2) (1)—ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ പബ്ലിക് സർവ്വീസ്കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന സംഗതിയിൽ കമ്മിഷൻ ആകാര്യത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിന് ഉപദേശംനൽകേണ്ടതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും കേരള സംസ്ഥാന ലൈബ്രറികൗൺസിലും തമ്മിൽ (1)—ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽഎന്തെങ്കിലും അഭിപ്രായ വ്യത്യാസം ഉള്ളപക്ഷം കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ളസർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, പബ്ലിക് സർവ്വീസ് കമ്മിഷന്റെ ഉപദേശത്തിനെതിരായി ഒരുതീരുമാനം എടുക്കുന്നതിനുമുൻപ് സർക്കാർ ആ കാര്യം പബ്ലിക് സർവ്വീസ്കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—സർക്കാരിന്, ഈ ആക്റ്റിന്റെഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും കേരളസംസ്ഥാന ലൈബ്രറി

കൗൺസിലുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗംവരാതെ, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന്കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ അനുവർത്തിക്കേണ്ട നടപടിക്രമത്തിന്;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമമോ ആവശ്യമമോ ആയ ഏതെങ്കിലും കാര്യത്തിന്;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും കാര്യത്തിന്; വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം, കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പമ്പോൾഅതിന്റെ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട്സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും,അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവവോ ആ സമ്മേളനമമോതതൊട്ടടുത്ത് വരുന്ന സമ്മേളനമമോ അവസാനിക്കുന്നതിനുമുൻപ്, നിയമസഭ ആചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയയോ അല്ലെങ്കിൽ ആ ചട്ടംഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്,അതിനുശേഷം, അതതു സംഗതി പപോലെ, അങ്ങനെ രൂപഭേദം വരുത്തിയരൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയയോ അല്ലെങ്കിൽ യാതതൊരുപ്രാബല്യവുമില്ലാതിരിക്കുകയയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും,

അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം

മുൻപ് ചെയ്ത ഏതെങ്കിലും സംഗതിയുടെവിധത്തിലായിരിക്കേണ്ടതാണ്.

സാധുതയ്ക്ക് ഭംഗം വരാത്ത

5. റദ്ദാക്കലും ഒഴിവാക്കലും . — (1) 2014-ലെ കേരള പബ്ലിക് സർവ്വീസ്

കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ)

ഓർഡിനൻസ് (2014-ലെ 19) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ്

പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമമോ എടുത്ത ഏതെങ്കിലും നടപടിയയോ ഈ

ആക്റ്റ് പ്രകാരം ചെയ്തതായയോ എടുത്തതായയോ കരുതപ്പെടേണ്ടതാണ്.

———